Talented Bankers Literary Panel
പുസ്തക പരിചയം 117

പുസ്തകം പരിചയപ്പെടുത്തുന്നത്,
അനിത വി കെ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ലോക്കൽ ഹെഡ് ഓഫീസ്.

ഇനിയൊരു നിറകൺ ചിരി
C രാധാകൃഷ്ണൻ

ചിരിക്കാം.. ചെറിയ കാര്യങ്ങൾക്കും.. മനസ്സു തുറന്നു ചിരിച്ചു ചിരിച്ചു കൺ നിറയാം... സന്തോഷം കൊണ്ട്... നിറ കണ്ണുകളോടെ വീണ്ടും ചിരിക്കാം.. എന്തിനെന്നറിയാതെ വേണമെങ്കിൽ കരയാം.. കരച്ചിലിനിടുവിൽ..കണ്ണീരിലൊന്നും ഒഴുക്കിക്കളയാൻ ഇല്ലാതെ വരുമ്പോ വീണ്ടും ചിരിക്കാം.. കൺ നിറയുന്നവരെ.. ഇത്രയല്ലേയുള്ളൂ ജീവിതവും.

ചിരിയും കരച്ചിലും മാറി മറിയുന്ന, അഞ്ചു വയസ്സ് മുതൽ അൻപത്തഞ്ച് വയസ്സുവരെ യുള്ള കാലഘട്ടത്തിലെ ജീവിതത്തിന്റെയും ലോകത്തിന്റെയും മാറ്റങ്ങളുടെയും അനുഭവങ്ങളുടെയും ചുവടുകൾ , ആത്മകഥാംശത്തോടെ പറയുന്ന നോവലുകൾ.. ഇനിയും പറയാൻ എന്തൊക്കെയോ ബാക്കി എന്തൊക്കെയോ ഉണ്ടെന്ന തോന്നൽ നമ്മിൽ ഉളവാക്കി പോകുന്ന കഥകൾ. ലോകത്തിന്റെ മാറ്റങ്ങളും ആശയങ്ങളുടെ സംഘട്ടനങ്ങളും സയൻസിന്റെ പുരോഗതിയും ഒക്കെ സാമാന്യം വിശദമായി തന്നെ പ്രതിപാദിക്കുന്ന, C രാധാകൃഷ്ണന്റെ നോവൽ നവകത്തിലെ അവസാന കൃതിയാണ് "ഇനിയൊരു നിറ കൺ ചിരി". ഓരോ കൃതിയും ഒറ്റക്ക് തന്നെ പൂർണ്ണ കൃതിയാണ്, ഒപ്പം വലിയൊരു പൂവിന്റെ ചെറിയൊരു ഇതളും.

"എല്ലാം മായ്ക്കുന്ന കടലിൽ "തുടങ്ങി "പുഴ മുതൽ പുഴ വരെ" കടന്നു, സയൻസ് എന്ന മഹാത്ഭുതത്തിന് ലോകം മാറ്റി മറിക്കാം എന്ന വിശ്വാസത്തിൽ കുടുങ്ങി "പുള്ളി പുലികളും വെള്ളി നക്ഷത്രങ്ങളും " ആകാൻ കഴിയാതെ "സ്പന്ദമാപിനികളെ നന്ദി "എന്ന് രേഖപ്പെടുത്തി സുഖ സൗകര്യങ്ങൾക്ക് നടുവിലും "ഇവിടെ എല്ലാവർക്കും സുഖം തന്നെ "എന്നു വിശ്വസിപ്പിക്കുമ്പോഴും "വേർപാടുകളുടെ വിരൽപ്പാടുകൾ" മുറിവേൽപ്പിക്കുന്നത് തടയാനാകാതെ "മുൻപേ പറക്കുന്ന പക്ഷികൾ"ക്കൊപ്പം കൂടണോ എന്ന ആശങ്കയിൽ ചുറ്റും നോക്കുമ്പോൾ, ചീത്തക്കാലം താണ്ടാൻ അമ്മമാർ ആയുധം എടുക്കുന്ന

"കരൾ പിളരും കാലം " നൽകുന്ന വേവലാതിയിൽ "ഇനിയൊരു നിറകൺ ചിരി "മാത്രമേ ബാക്കിയുള്ളൂ എന്നു തിരിച്ചറിയുന്നു.

ലോകം നന്നാക്കാൻ വാശിയോടെ ഇറങ്ങി പുറപ്പെട്ട വിപ്ലവകാരിയായ അർജുൻ, ഭാര്യയായ അനിതയുമൊത്തു നോവലിസ്റ്റിനെ കാണാൻ വരുന്നു, വർഷങ്ങൾക്കു ശേഷം. പ്രകൃതിയിൽ അലിഞ്ഞുചേരും മുൻപ് പഴയ ചില കണക്കുകൾ തീർത്തു, ജീവിത തുലാസ് കൃത്യമാക്കാൻ, സഹായം തേടി. പ്രതിഫലം പണ്ടത്തെ പോലെ വിപ്ലവകാരിയായ അർജുന്റെ ഡയറി കുറിപ്പുകൾ പ്രസിദ്ധീകരിക്കാനുള്ള അവകാശം സാമാന്യം നീണ്ട അർജുന്റെ ഡയറികുറിപ്പുകളിലൂടെ. പാളിപോയെങ്കിലും വറ്റാത്ത വിപ്ലവകൂട്ടായ്മകളുടെയും വർഷങ്ങൾക്കുമുമ്പ് തലസ്ഥാന നഗരിയിൽ അരങ്ങേറിയ, രാഷ്ട്രീയ നാടകങ്ങളുടെയും ദിവസേനയെന്നോണം നടന്നിരുന്ന അപകടങ്ങൾ, കൊലപാതകങ്ങൾ, ആയുധ കച്ചവടങ്ങൾ, ഒക്കെയുടെയും പിന്നാമ്പുറ കഥകൾ, ഒരപസർപ്പക നോവലിലെന്ന പോലെ വ്യക്തമാക്കുന്നു.
ജീവിതത്തിൽ നിറവേറ്റാനുള്ളതെല്ലാം തീർത്തു "ഒരു നിറകൺ ചിരിയോടെ പ്രകൃതിയിലേക്ക് മടങ്ങുന്ന അർജുൻ. നോവലിസ്റ്റിനെ ഏൽപ്പിച്ച, പ്രപഞ്ച സത്യങ്ങളെ കുറിച്ചുള്ള ആത്മ വിശകലനം അടങ്ങിയ സാമാന്യം നീണ്ട കുറിപ്പ്, പ്രസിദ്ധീകരിക്കാൻ, ഡയറി പ്രസിദ്ധീകരിച്ചു circulation കൂട്ടിയ പത്രമുൾപ്പടെ ഒരു മീഡിയയും തയ്യാറാകാത്തിടത്തു പുസ്തകത്തിനൊരു അർദ്ധവിരാമം.
പ്രദക്ഷിണം ഒരു താളവട്ടം പൂർത്തിയാക്കുമ്പോൾ, പൂർണ്ണ വിരാമമല്ല., തുടർച്ചയിലെ ഇടർച്ചകൾ മാത്രമാണ് മുന്നിൽ നിൽക്കുക. വില്ലാളിയും യുദ്ധവുമില്ലാത്ത, ജയവും തോൽവിയുമില്ലാത്ത, രാഗ ദ്വേഷങ്ങളില്ലാത്ത, പ്രപഞ്ച ജീവനുമായി ഇണക്കത്തിലാകുന്ന, ഒരു നല്ല നാളെയെ സ്വപ്നം കണ്ടുകൊണ്ടു
വായിക്കാം.. ഒന്നായിട്ടും ഒൻപതായിട്ടും..

ഇനിയൊരു നിറകൺ ചിരി
C രാധാകൃഷ്ണൻ
Hi-Tech books പ്രസിദ്ധീകരണം
വില 390 രൂപ.

ഫിസിക്സ് ബിരുദാനന്തര ബിരുദധാരിയായ C രാധാകൃഷ്ണൻ, വാന നിരീക്ഷണ കേന്ദ്രത്തിലും സെസ്മോളജി സെന്ററിലുമൊക്കെ ഗവേഷകനായിരുന്നു... പിന്നീട് ഇഷ്ട്ട വിഷയമായ പത്ര പ്രവർത്തനത്തിലേക്ക് തിരിഞ്ഞെങ്കിലുംഎന്നും പ്രലോഭനമായ എഴുത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു..
ധാരാളം പുസ്തകങ്ങൾ എഴുതി.. കഥകളും നോവലുകളും ദർശനങ്ങളും

തിരക്കഥകളും.. അവാർഡുകൾ ധാരാളം... പല പുസ്തകങ്ങളും ഇംഗ്ലീഷിലേക്കും തർജമ ചെയ്തിട്ടുണ്ട്